# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5371 — 01.07.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## അധികമായി തുക ആവശ്യപ്പെട്ട വകുപ്പുകൾ

| | | |
|---|---|---|
| (എ) | 2013-14 ലെ ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ അധികമായി തുക ആവശ്യപ്പെട്ട വകുപ്പുകൾ ഏതെല്ലാം; ബഡ്ജറ്റ് തുക എത്രയായിരുന്നു; അധികമായി അനുവദിച്ച തുക എത്രയായിരുന്നു; വകുപ്പ് തിരിച്ച് മറുപടി ലഭ്യമാക്കാമോ; | വിവിധ വകുപ്പുകൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയ ധനാഭ്യർത്ഥനകളിലെല്ലാം ഉപധനാഭ്യർത്ഥന മുഖേന അധിക തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം ധനാഭ്യർത്ഥനകളിൽ ബഡ്ജറ്റിലൂടെ വകയിരുത്തിയ തുകയുടെയും ഉപധനാഭ്യർത്ഥന മുഖേന ഓരോ ധനാഭ്യർത്ഥനയിലും അധികമായി അനുവദിച്ച തുകയുടെയും വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം 1-ായി ചേർക്കുന്നു. |
| (ബി) | 2013-14 ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം, സംസ്ഥാന നിയമസഭാ, തെരഞ്ഞെടുപ്പുകൾ, ഭൂനികുതി, ജയിലുകൾ, പെൻഷനും പലവകയും, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളിൽ ബഡ്ജറ്റ് വിഹിതം മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | 31.03.2011 ലെ ഓരോ വകുപ്പുകളിലെയും ചെലവഴിച്ച തുകയും ബാക്കി ശേഷിക്കുന്ന തുകയും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ; | 2010-11 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയുടെയും കീഴിൽ വിവിധ വകുപ്പുകൾക്കായി വകയിരുത്തിയ വിഹിതത്തിന്റെയും, ചെലവഴിച്ച തുകയുടെയും ചെലവഴിക്കാൻ അവശേഷിച്ച തുകയുടെയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം 2-ായി ചേർക്കുന്നു. |

| | | |
|---|---|---|
| (ഡി) | 31.03.2011-ലെ കണക്ക് പ്രകാരം വിവിധ ഹെഡുകളിലായി എത്ര തുക ടാക്സ് ഇനത്തിൽ പിരിച്ചിരുന്നു ; | 2010-11 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിലായി ടാക്സിനത്തിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 3-ായി ചേർക്കുന്നു. |
| (ഇ) | 31.03.2011-ലെ കണക്ക് പ്രകാരം ട്രഷറി ബാലൻസ് എത്രയായിരുന്നു; വിശദാംശം നൽകാമോ ? | റിസർവ്വ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 31.03.2011 ൽ സംസ്ഥാനത്തിന് 3513.72 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**